ഉത്തരം

(എ&ബി) ലീ ക്യാപ്പിറ്റൽ തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തും അറസ്റ്റ് ചെയ്യാനുള്ള പ്രതികളെ കണ്ടെത്തുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടത്തിയും അവർക്കെതിരെ തെളിവുകൾ ശേഖരിച്ചും കൂടുതൽ സാക്ഷികളെ കണ്ട് ചോദിച്ചും ടി കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

ബിസിനസ് ഇന്ത്യാ നിക്ഷേപത്തട്ടിപ്പ് കേസ്

172 (6321) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിസിനസ് ഇന്ത്യാ നിക്ഷേപത്തട്ടിപ്പ് കേസ്സിന്റെ അന്വേഷണം എന്നാണ് ആരംഭിച്ചത് ;

(ബി) പ്രസ്തുത കേസ്സിലെ കുറ്റപത്രം എത്ര കാലത്തിനുള്ളിൽ സമർപ്പിക്കാനാണ് ഹൈക്കോടതി ഉത്തരവിട്ടിരുന്നത് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഉത്തരവിൽ പറഞ്ഞ കാലാവധി അവസാനിച്ചിട്ടുണ്ടോ ; പറഞ്ഞ കാലയളവിനുള്ളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) ഈ കേസിൽ എത്ര പ്രതികളുണ്ട് ; എത്ര പേർ അറസ്റ്റിലായി ; എത്ര പേർക്ക് ജാമ്യം ലഭിച്ചു ; വ്യക്തമാക്കാമോ ;

(ഇ) അറസ്റ്റിലാകാത്തവരെ കണ്ടെത്താൻ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ജാമ്യത്തിലിറങ്ങിയ പ്രതികൾ കടന്നുകളഞ്ഞതായി വിവരം ലഭിച്ചിട്ടുണ്ടോ ; അങ്ങനെയെങ്കിൽ ഇവരുടെ ജാമ്യം റദ്ദാക്കുന്നതിനോ ഇവരെ കണ്ടെത്തുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ബിസിനസ് ഇന്ത്യാ നിക്ഷേപത്തട്ടിപ്പ് കേസ്സുമായി ബന്ധപ്പെട്ട് മാവേലിക്കര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 171/09 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 31-3-2009 മുതൽ അന്വേഷണം നടത്തിയിട്ടുള്ളതും ടി കേസ് 18-5-2010 മുതൽ ക്രൈംബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. (ക്രൈം നമ്പർ 392/സി.ആർ./ഇ.ഒ.ഡബ്ല്യൂ./2010).

(ബി) 4-11-2013 മുതൽ ആറ് മാസത്തിനുള്ളിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

(സി) പ്രസ്തുത ഉത്തരവിൽ പറഞ്ഞ കാലാവധി അവസാനിച്ചിട്ടുണ്ട്. ടി കാലയളവിൽ കുറ്റപത്രം സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതേ തട്ടിപ്പിന് മാവേലിക്കര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവന്നിരുന്ന ക്രൈം 436/11 നമ്പർ കേസ് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ക്രൈംബ്രാഞ്ച് വിഭാഗം ക്രൈം നമ്പർ 392/സി.ആർ./ഇ.ഒ.ഡബ്ല്യൂ./2010 എന്ന കേസുമായി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തിവരുന്നതിനാൽ അന്തിമ റിപ്പോർട്ട് നിശ്ചിത സമയത്തിനുള്ളിൽ ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കേസിൽ കമ്പനി ഉൾപ്പെടെ 23 പ്രതികളുണ്ട്. 8 പേരെ അറസ്റ്റ് ചെയ്തു. ടി 8 പേർക്കും ബഹുമാനപ്പെട്ട കോടതിയിൽനിന്നും ജാമ്യം ലഭിച്ചു.

(ഇ) ഈ കേസ് സംബന്ധിച്ച് ലൂക്ക്ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടില്ല. ജാമ്യത്തിലിറങ്ങിയ പ്രതികൾ കടന്നുകളഞ്ഞതായി വിവരം ലഭിച്ചിട്ടില്ല.

അമിതപലിശയ്ക്ക് കടംകൊടുക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും

173 (6322) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൊള്ളപ്പലിശയ്ക്ക് പണം കടം കൊടുക്കുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ലിസ്റ്റ് നൽകാമോ ; ജില്ലാടിസ്ഥാനത്തിൽ വിവരം നൽകാമോ ;

(ബി) കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 1-4-2014 മുതൽ നാളിതുവരെ എത്രപേർക്കെതിരെ കേസെടുത്തു ; അവർ ആരെല്ലാം ; വിശദാംശം ലഭ്യമാക്കാമോ ;

(സി) സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്ഥാപനങ്ങളുടെ വിശദാംശം നൽകാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൊള്ളപ്പലിശയ്ക്ക് പണം കടംകൊടുക്കുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധം (എ) ആയി ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 1-4-2014 മുതൽ നാളിതുവരെ 2495 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. അവർ ആരെല്ലാം എന്ന വിവരം അനുബന്ധം (ബി) ആയി ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) ഉണ്ട്. സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധം (സി) ആയി ഉൾപ്പെടുത്തിയിരിക്കുന്നു.*

അനധികൃത പണമിടപാട് സ്ഥാപനങ്ങൾ

174 (6323) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലും വൈക്കം നിയോജകമണ്ഡലപരിധിയിലും എത്ര കേന്ദ്രങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി എത്ര പേരെ അറസ്റ്റുചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly